[Mr. P. K. Krishnan Sastri]

മൂവാറ്റുപുഴ പായിപ്പുറം ദേശത്ത് കുത്തകപ്പാട്ടവ്യവസ്ഥയിൽ സർക്കാർസ്ഥലത്ത് ദേഹണ്ഡങ്ങൾ ചെയ്തു കുടിപാർത്തുവന്ന ഒരുവന്റെ ദേഹണ്ഡങ്ങൾ നശിപ്പിച്ചും പുര പൊളിച്ചുകൊണ്ടുപോയും അവനെ വഴിയാധാരമാക്കിവിട്ട വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നും അതിന്മേൽ എന്തു നടപടി എടുത്തു എന്നും ദയവായി പറയുമോ?

HON'BLE MR. V. O. MARKOS : ഇല്ല.

വിചാരണയിലിരുന്ന് എത്രാനം കേസുകൾ.

136. MR. KRISHNAN AIYAPPAN (*Shertallai III—General*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നീതിന്യായവകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹു: മന്ത്രി സദയം മറുപടി നൽകുമോ?

(എ) ചേർത്തല മുൻസിഫ്കോടതികളിൽ വിചാരണയിലിരുന്ന തണ്ണീർമുക്കംതെക്കും മാരാരിക്കുളം വടക്കും പ്രകൃതികളിലെ എത്രാനം കേസുകൾ ആലപ്പുഴമുൻസിഫ്കോടതിയിൽ വിസ്തരിച്ചു തീരുമാനിക്കുന്നതിനായി ഹൈക്കോടതി ഉത്തരവിൻപ്രകാരം ആലപ്പുഴയ്ക്ക് അയച്ചിട്ടുള്ള വിവരം ഗവണ്മെൻറിന് അറിയാമോ?

(ബി) ഇപ്രകാരമുള്ള സ്ഥലങ്ങളിലെ ആളുകൾക്കു പലവിധത്തിൽ ബുദ്ധിമുട്ടുകൾക്ക് കാരണമാകുന്നതാണെന്നു ഗവണ്മെൻറിനറിയാമോ?

(സി) അങ്ങിനെ മാറ്റിയിട്ടുള്ള കേസുകൾ ചേർത്തല മുൻസിഫ് കോടതിയിലേക്ക് തിരിയെ അയയ്ക്കുന്നതിനു വേണ്ട നടപടി കൈക്കൊള്ളുവാൻ ദയവുണ്ടാകുമോ?

HON'BLE MR. A. J. JOHN : (എ) അറിയാം.

(ബി) ഇല്ലാ.

(സി) കേസുകൾ കഴിയുന്നതും വേഗം വിസ്തരിച്ചു തീരുമാനിക്കുന്നതിനായിട്ടാണ് മേൽപ്രകാരം മാറ്റിയിരിക്കുന്നത്. കേസുകൾ തിരിയെ അയയ്ക്കുന്നതിനുള്ള ഓരോ അപേക്ഷയും പ്രത്യേകം പ്രത്യേകമായി പരിഗണിക്കുന്നതിന് ഹൈക്കോടതിക്ക് വിസമ്മതമില്ല.

Expansion of Industries.

137. MR. K. RAMACHANDRAN : Will the Hon'ble Minister for Industries be pleased to state :

(*a*) whether Government are aware ;

(i) that the market in respect of cashewnut, coir, pepper, etc., are controlled entirely by foreigners ;

(ii) this is primarily the reason why our workmen, producers and industrialists connected with these commodities have occasionally to face heavy depression on the business ; and

LIBRARY ARCHIVES Kerala Legislative Assembly